REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-10-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഹരിയാനയിൽ BJP മൂന്നാം തവണയും അധികാരത്തിലേക്ക്. ജമ്മുകശ്മീരിൽ നാഷണൽ കോൺഫറൻസ്- കോൺഗ്രസ് സഖ്യം ഗവൺമെന്റ് രൂപീകരണത്തിന് ശ്രമം ആരംഭിച്ചു.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ദിവസത്തെ സന്ദർശനത്തിന് നാളെ ലാവോസിലേക്ക് യാത്ര തിരിക്കും.**
- **എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷൻ രാജ്യത്ത് പത്ത് മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുമെന്ന് കേന്ദ്ര മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ.**
- **ഒരു രാജ്യം- ഒരു തെരഞ്ഞെടുപ്പ് പരിഷ്കരണ നടപടിയിൽ നിന്നും പിന്തിരിയണമെന്ന് കേന്ദ്ര ഗവൺമന്റിനോട് ആവശ്യപ്പെടുന്ന പ്രമേയം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിയമസഭയിൽ അവതരിപ്പിക്കും.**
- **ഇന്ന് ലോക തപാൽ ദിനം.**
- **ലോക വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യ വൈകിട്ട് ശ്രീലങ്കയെ നേരിടും. ഇന്ത്യ - ബംഗ്ലാദേശ് രണ്ടാം ട്വന്റി-20 മത്സരം ഇന്ന് ന്യൂഡൽഹിയിൽ.**

## വാർത്തകൾ വിശദമായി

ഹരിയാനയിൽ BJP മൂന്നാം തവണയും അധികാരത്തിലേക്ക്. ജമ്മുകശ്മീരിൽ നാഷണൽ കോൺഫറൻസ്- കോൺഗ്രസ് സഖ്യം ഗവൺമെന്റ് രൂപീകരണത്തിന് ശ്രമം ആരംഭിച്ചു.

**ഡെസ്ക് റിപ്പോർട്ട്...**

90 അംഗ ഹരിയാന നിയമസഭയിൽ 48 സീറ്റ് നേടിയാണ് BJP അധികാരം നിലനിർത്തിയത്. കോൺഗ്രസിന് 37 സീറ്റുകൾ ലഭിച്ചു. ഇന്ത്യൻ നാഷണൽ ലോക്ദളും, INLD യും രണ്ടിടങ്ങളിൽ വിജയിച്ചപ്പോൾ മൂന്ന് കക്ഷിരഹിതർക്കാണ് ജയം.

BJP നേതാവും മുഖ്യമന്ത്രിയുമായ നയാബ് സിംഗ് സൈനി, ലഡ്വ സീറ്റിൽ വിജയിച്ചു. മുൻ മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായ ഭൂപീന്ദർ സിംഗ് ഹൂഡ, റോഹ്തക്കിലെ ഗാർഹി സാംപ്ല കിലോയ് സീറ്റിൽ 71,000 വോട്ടുകൾക്കാണ് വിജയിച്ചത്. ജുലാന മണ്ഡലത്തിൽ കോൺഗ്രസ് സ്ഥാനാർത്ഥിയും ഗുസ്തി താരവുമായ വിനേഷ് ഫോഗട്ട് വിജയിച്ചു.

ജമ്മു കശ്മീരിൽ, 90 അംഗ നിയമസഭയിൽ 48 സീറ്റ് നേടിയാണ് നാഷണൽ കോൺഫറൻസ്-കോൺഗ്രസ് സഖ്യം അടുത്ത ഗവൺമെന്റ് രൂപീകരിക്കാൻ ഒരുങ്ങുന്നത്. നാഷണൽ കോൺഫറൻസ് 42 സീറ്റുകൾ നേടിയപ്പോൾ സഖ്യകക്ഷിയായ കോൺഗ്രസ് ആറ് സീറ്റുകളിൽ വിജയിച്ചു. BJP 29 സീറ്റുകൾ നേടി. PDP മൂന്നും ജമ്മു കശ്മീർ പീപ്പിൾസ് കോൺഫറൻസ്, CPIM , ആം ആദ്മി പാർട്ടി എന്നിവ ഓരോ സീറ്റും നേടി. ഏഴ് സീറ്റിൽ കക്ഷിരഹിതർക്കാണ് ജയം.

മുൻ മുഖ്യമന്ത്രിയും നാഷണൽ കോൺഫറൻസ് നേതാവുമായ ഒമർ അബ്ദുള്ള ബുദ്ഗാം, ഗന്ദർബാൽ മണ്ഡലങ്ങളിൽ വിജയിച്ചു. കുൽഗാം CPIM ന്റെ മുഹമ്മദ് യൂസഫ് തരിഗാമി നേടി. നൗഷേരയിൽ BJP സംസ്ഥാന അധ്യക്ഷൻ രവീന്ദർ റെയ്ന പരാജയപ്പെട്ടു.

✪✪✪

സത്യം, വികസനം, സദ്ഭരണം എന്നിവ വിജയിച്ചുവെന്നും, എല്ലാ സമുദായങ്ങളും BJPക്ക് വോട്ട് ചെയ്തുവെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഹരിയാനയിലെ BJP യുടെ വിജയത്തെ തുടർന്ന് ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് BJPപ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പതിറ്റാണ്ടുകളുടെ കാത്തിരിപ്പിന് ശേഷം ജമ്മു കശ്മീരിൽ സമാധാനപരമായ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുകയും വോട്ടുകൾ എണ്ണുകയും ഫലം പ്രഖ്യാപിക്കുകയും ചെയ്തുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ജമ്മു കശ്മീരിൽ വോട്ട് വിഹിതത്തിന്റെ കാര്യത്തിൽ BJP ഏറ്റവും വലിയ കക്ഷിയായി ഉയർന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

ഹരിയാനയിലെയും ജമ്മു കശ്മീരിലെയും ജനങ്ങളെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

✪✪✪

ഇന്ത്യൻ ജനത തകരില്ല എന്നതിന്റെ തെളിവെടുപ്പും, വിളംബരവുമാണ് തെരഞ്ഞെടുപ്പ് ഫലമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. കൊല്ലത്ത് ലക്ഷ്മിനട മഹാലക്ഷ്മി ക്ഷേത്രത്തിലെ നവരാത്രി മഹോത്സവത്തോടനുബന്ധിച്ചു പുരസ്കാരങ്ങൾ സമ്മാനിക്കുകയായിരുന്നു അദ്ദേഹം.

'വിദ്യാവാണി പുരസ്കാരം കർണാടക സംഗീതജ്ഞ ഡോ. N.J. നന്ദിനിക്കും, വിജയദശമി പുരസ്കാരം പുതിയകാവ് ഭഗവതിക്ഷേത്രം സംരക്ഷണ പൗരസമിതിക്കും സുരേഷ്ഗോപി സമ്മാനിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ ലാവോസിലെ വിയന്റിയാനിലേക്ക് പുറപ്പെടും. 21-ാമത് ആസിയാൻ-ഇന്ത്യ ഉച്ചകോടിയിലും 19-ാമത് കിഴക്കൻ ഏഷ്യ ഉച്ചകോടിയിലും മോദി പങ്കെടുക്കും, ഉച്ചകോടിക്കിടെ പ്രധാനമന്ത്രി ഉഭയകക്ഷി കൂടിക്കാഴ്ചകളും നടത്തുമെന്ന് പ്രതീക്ഷിക്കുന്നു.

✪✪✪

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷൻ - ESIC- രാജ്യത്ത് പത്ത് പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുമെന്ന് കേന്ദ്ര തൊഴിൽ മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ അറിയിച്ചു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ എഴുപത്തി അയ്യായിരം പുതിയ മെഡിക്കൽ സീറ്റുകൾ എന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സ്വാതന്ത്ര്യദിന പ്രഖ്യാപനത്തെ പിന്തുണക്കുന്ന തീരുമാനമാണ് ഇതെന്ന് ന്യൂഡൽഹിയിൽ 194-ാമത് ഇഎസ്ഐസി യോഗത്തെ അഭിസംബോധന ചെയ്യവേ അദ്ദേഹം പറഞ്ഞു. അടൽ ബീമിത് വ്യക്തി കല്യാൺ യോജന രണ്ട് വർഷത്തേക്ക് നീട്ടിയതായും, ഈ വർഷം ജൂലൈ 1 മുതൽ 2026 ജൂൺ 30 വരെ പ്രാബല്യത്തിൽ ഉണ്ടാകുമെന്നും മൻസുഖ് മാണ്ഡവ്യ അറിയിച്ചു.

ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയുമായി ESICയുടെ സംയോജനവും അദ്ദേഹം ചടങ്ങിൽ പ്രഖ്യാപിച്ചു. ESIC ഗുണഭോക്താക്കൾക്ക് രാജ്യത്ത് എല്ലായിടത്തും ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന ആശുപത്രികളിൽ ചികിത്സ ലഭിക്കാൻ ഈ തീരുമാനം സഹായിക്കുമെന്ന് തൊഴിൽ മന്ത്രാലയം അറിയിച്ചു. പാരാമെഡിക്കൽ, ബിഎസ്സി കോഴ്സുകൾ ആരംഭിക്കുന്നതിനും കോർപ്പറേഷൻ അംഗീകാരം നൽകിയതായും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് പരിഷ്കരണ നടപടിയിൽ നിന്നും പിന്തിരിയണമെന്ന് കേന്ദ്ര ഗവൺമന്റിനോട് ആവശ്യപ്പെടുന്ന പ്രമേയം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിയമസഭയിൽ അവതരിപ്പിക്കും. പ്രവാസി കേരളീയരുടെ ക്ഷേമ ഭേദഗതി ബിൽ നിയമസഭ ഇന്ന് പരിഗണിക്കും. സംസ്ഥാനത്തെ മുൻഗണനാ റേഷൻ കാർഡുകളുടെ മസ്റ്ററിങ്ങിനു സമയപരിധി ദീർഘിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് E.Kവിജയൻ സഭയുടെ ശ്രദ്ധ ക്ഷണിക്കും.

സംസ്ഥാനത്ത് നാലു വർഷ ഡിഗ്രി കോഴ്സ് നടപ്പിലാക്കിയത് മൂലം ഉന്നതവിദ്യാഭ്യാസ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിലേക്ക് ആബിദ് ഹുസൈൻ തങ്ങൾ ശ്രദ്ധ ക്ഷണിക്കും.

✪✪✪

സഭാ ടിവിയുടെ പുതിയ ചാനലായ സഭാ ടിവി എക്സ്ക്ലൂസീവിന്റെ ഉദ്ഘാടനം ഇന്ന് വൈകിട്ട് 6.30ന് നിയമസഭയിലെ R ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

സ്പീക്കർ AN ഷംസീർ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ പുതിയതായി ആരംഭിക്കുന്ന PGഡിപ്ലോമ ഇൻ പാർലമെന്ററി സ്റ്റഡീസ്, ബേസിക് സർട്ടിഫിക്കറ്റ് കോഴ്സിന്റെ പ്രഖ്യാപനം പ്രതിപക്ഷ നേതാവ് VD സതീശൻ നടത്തും.

✪✪✪

ചെന്നൈയ്ക്കടുത്ത് മുട്ടുകാട് നവയുഗ ചെമ്മീൻ ഉൽപ്പാദന സമ്പ്രദായത്തിന്റെ തുടർച്ചയായ എട്ടാം വിളവെടുപ്പിൽ കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ്ജ് കുര്യൻ മുഖ്യാതിഥിയായി പങ്കെടുത്തു. ചെമ്മീൻ കൃഷിയെ ശരിയായ പാതയിലേക്ക് നയിക്കാൻ കഴിയുന്ന ഈ നൂതന ഉൽപ്പാദന സമ്പ്രദായം സ്വീകരിക്കാനും വിപുലീകരിക്കാനും അദ്ദേഹം അഭ്യർത്ഥിച്ചു.

നിയന്ത്രിത സാഹചര്യങ്ങളിൽ കൃഷിചെയ്യുന്ന ചെമ്മീൻ വാണിജ്യ മത്സ്യകൃഷിക്ക് മാതൃകയാണെന്നും സമുദ്രോത്പന്ന കയറ്റുമതി വരുമാനത്തിന്റെ 70% ഈ മേഖലയിൽ നിന്നാണെന്നും ജോർജ്ജ് കുര്യൻ പറഞ്ഞു.

✪✪✪

ഇന്ന് ലോക തപാൽ ദിനം. രാജ്യാന്തര തപാൽ യൂണിയന്റെ ആഹ്വാനപ്രകാരമാണ് 1874 - മുതൽ ഒക്ടോബർ 9 ലോക തപാൽ ദിനമായി ആചരിക്കുന്നത്. ഇന്ത്യയിൽ ഒക്ടോബർ 10 - ന് ദേശീയ തപാൽ ദിനമായും ആചരിക്കുന്നു.

150 വർഷങ്ങളായി ആശയവിനിമയം സാധ്യമാക്കുന്നതിനും, ലോകമെമ്പാടും ആളുകളെ ശാക്തീകരിക്കുന്നതിനും നിലകൊള്ളുന്നു എന്നതാണ് ഈ വർഷത്തെ ലോകതപാൽ ദിനാചരണ പ്രമേയം.

✪✪✪

തപാൽ വകുപ്പിന്റെ പേരിൽ സമൂഹ്യമാധ്യമങ്ങൾ, SMS എന്നിവ വഴി വ്യാപകമായി വ്യാജ സന്ദേശങ്ങൾ പ്രചിരിക്കുന്നതായി പൊലീസ് അറിയിച്ചു. നിങ്ങളുടെ പേരിൽ വന്ന പാഴ്സൽ നൽകാനായി രണ്ട് തവണ ശ്രമിച്ചിട്ടും മേൽവിലാസം തെറ്റായതിനാൽ കൈമാറാനായില്ലെന്നും 12 മണിക്കൂറിനകം താഴെ കാണുന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് വിലാസം അപ്ഡേറ്റ് ചെയ്യണമെന്നും ആവശ്യപ്പെട്ടാണ് തപാൽ വകുപ്പിന്റെ പേരിൽ വ്യാജ സന്ദേശം പ്രചരിപ്പിക്കുന്നത്. പാഴ്സൽ ലഭിക്കുന്നതിനായി 25 രൂപ നൽകാനും തട്ടിപ്പുകാർ ആവശ്യപ്പെടുമെന്നും പണം അയക്കാനായി നൽകുന്ന ബാങ്ക് ലോഗ് ഇൻ ഉപയോഗിച്ച് തട്ടിപ്പുകാർ അക്കൗണ്ടിലെ പണമെല്ലാം തട്ടിയെടുക്കുമെന്നും പൊലീസ് പറഞ്ഞു.

✪✪✪

വനിതാ ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ഗ്രൂപ്പ് എ യിലെ മൂന്നാം മത്സരത്തിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും. ദുബായിൽ വൈകീട്ട് 7:30 നാണ് മത്സരം. ഉച്ചക്ക് 3.30ന് ദക്ഷിണാഫ്രിക്ക സ്കോട്ട്ലൻഡിനെ നേരിടും.

ഷാർജയിൽ ഇന്നലെ നടന്ന മത്സരത്തിൽ നിലവിൽ ചാമ്പ്യൻമാരായ ഓസ്ട്രേലിയ, 60 റൺസിന് ന്യൂസിലൻഡിനെ പരാജയപ്പെടുത്തി. രണ്ട് മത്സരങ്ങളും ജയിച്ച ഓസ്ട്രേലിയ ഗ്രൂപ്പ് എ യിൽ ഒന്നാം സ്ഥാനത്താണ്.

✪✪✪

ഇന്ത്യ - ബംഗ്ലാദേശ് രണ്ടാം ട്വന്റി 20 മത്സരം ഇന്ന്. ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിനാണ് മത്സരം.

മൂന്ന് മത്സര പരമ്പരയിൽ ആദ്യ മത്സരം ജയിച്ച് ഇന്ത്യ 1-0ത്തിന് മുന്നിലാണ്.

✪✪✪

കണ്ണൂരിൽ സംസ്ഥാന സ്കൂൾ ഗെയിംസ് ഗ്രൂപ്പ് മൂന്ന് മത്സരങ്ങളിൽ അമ്പെയ്ത്തിൽ 34 പോയിന്റുമായി വയനാട് മുന്നിലെത്തി.

യോഗമത്സരങ്ങളിൽ 18 പോയിന്റ് നേടി പാലക്കാടും തെയ്ക്വാൻഡോയിൽ 41 പോയിന്റോടെ കാസർകോടുമാണ് ഒന്നാമത്.

റസ്‌ലിങ് മത്സരങ്ങളിൽ 78 പോയിന്റുമായി കണ്ണൂരും ജിംനാസ്റ്റിക് മത്സരത്തിൽ തിരുവനന്തപുരവും മുന്നിട്ട് നിൽക്കുന്നു.

ജൂനിയർ ആൺകുട്ടികളുടെ ബാസ്കറ്റ്ബോൾ മത്സര ത്തിൽ കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം ജില്ലകൾ സെമിഫൈനലിൽ പ്രവേശിച്ചു.

സെമി ഫൈനൽ ഇന്ന് നടക്കും.

✪✪✪

തിരുവമ്പാടിയിൽ KSRTC ബസ് പുഴയിലേക്ക് മറിഞ്ഞുണ്ടായ അപകടം സംബന്ധിച്ച് അടിയന്തര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ മന്ത്രി KB ഗണേശ് കുമാർ KSRTC മാനേജിംഗ് ഡയരക്ടറോട് ആവശ്യപ്പെട്ടു. സംഭവത്തിൽ പോലീസ് അന്വേഷണം തുടങ്ങി.

ആനക്കാംപൊയിലിൽ നിന്നും തിരുവമ്പാടിക്ക് പോയ KSRTC ബസ് ഇന്നലെ ഉച്ചക്ക് കഴിഞ്ഞ് പുല്ലൂരാംപാറക്കടുത്ത് കാളിയാമ്പുഴ പാലത്തിന് സമീപം നിയന്ത്രണം വിട്ട് പുഴയിലേക്ക് വീഴുകയായിരുന്നു. അപകടത്തിൽ രണ്ട് പേർ മരിക്കുകയും 25 ഓളം യാത്രക്കാർക്ക് പരുക്കേൽക്കുകയും ചെയ്തു.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ രേഖകൾ സ്വീകരിക്കുന്നതിന് കൊച്ചി, കണ്ണൂർ എമ്പാർക്കേഷൻ പോയിന്റുകളിൽ പ്രത്യേക കൗണ്ടറുകൾ പ്രവർത്തിക്കുമെന്ന് സംസ്ഥാന ഹജ്ജ് കമ്മിറ്റി അറിയിച്ചു.

എറണാകുളത്ത് 19-ന് കലൂർ വഖഫ് ബോർഡ് ഓഫീസ് കോൺഫറൻസ് ഹാളിലും കണ്ണൂരിൽ 20-ന് കണ്ണൂർ കളക്ടറേറ്റ് കോഫറൻസ് ഹാളിലും രേഖകൾ സ്വീകരിക്കും.

എല്ലാ പ്രവൃത്തി ദിവസങ്ങളിലും കരിപ്പൂർ ഹജ്ജ് ഹൗസിലും കോഴിക്കോട് പുതിയറ റീജ്യനൽ ഓഫീസിലും രേഖകൾ സ്വീകരിക്കും. ഈ മാസം 23 ആണ് രേഖകൾ സ്വീകരിക്കുന്ന അവസാന ദിവസം.

✪✪✪

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ മാസങ്ങളോളം തുടരുന്ന ഇൻ-ചാർജ് ഭരണം അവസാനിപ്പിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിർദേശം നൽകി.

ഏതാനും ദിവസങ്ങൾ മാത്രം ഉദ്യോഗസ്ഥർക്ക് ചുമതല നൽകുന്നതിൽ തെറ്റില്ലെന്നും എന്നാൽ മാസങ്ങളോളം ചുമതല നൽകിയാൽ മൊത്തത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്നും കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് ഉത്തരവിൽ പറഞ്ഞു.

ഫറോക്ക് മുൻസിപാലിറ്റിയിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

✪✪✪

ഹരിയാനയിലെ ഹാട്രിക് വിജയത്തിലും കശ്മീരിലെ മുന്നേറ്റത്തിലും ആഹ്ളാദം പ്രകടിപ്പിച്ച് BJP പ്രവർത്തകർ കോഴിക്കോട് ബീച്ചിൽ പ്രകടനം നടത്തി. ഹരിയാനയിൽ പ്രതികൂല പരിതസ്ഥിതിയിലെ ഹാട്രിക് വിജയം വലിയ ആവേശം പകരുന്നതാണെന്ന് BJP ജില്ലാപ്രസിഡന്റ് VK.സജീവൻ പറഞ്ഞു.

ആഹ്ലാദ പ്രകടനത്തിനിടെ ഒരു പ്രവർത്തകന് വാഹനമിടിച്ച് പിരക്കേറ്റു. സംഭവത്തിൽ കേസെടുത്ത പൊലീസ് വാഹനം കസ്റ്റഡിയിലെടുത്തു.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ചവരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലും, ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്.

കേരള, കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മണിക്കൂറിൽ 55 കിലോമിറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪